പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T3318 22/08/2017-ന് മറുപടി നൽകേണ്ടിയിരുന്നത്

## മലയാളഭാഷയുടെ പൂർണ്ണമായ പ്രയോഗം

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**ഉത്തരം**

ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാളഭാഷയുടെ പൂർണ്ണമായ പ്രയോഗം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലായിട്ടുണ്ട്; | (എ) | ഔദ്യോഗികഭാഷാ വകുപ്പിൽ മലയാളഭാഷയുടെ പൂർണ്ണമായ പ്രയോഗം നടപ്പിലായിട്ടുണ്ട്. |
| (ബി) | ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ നടപ്പിലാക്കുന്ന പരിപാടികൾ എന്തെല്ലാം; | (ബി) | ഭരണഭാഷയായി മലയാളം ഉപയോഗിക്കുന്ന ക്ലാസ്സ് 3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് സംസ്ഥാന/ ജില്ലാതല ഭരണഭാഷാ സേവന പുരസ്കാരവും, എല്ലാ വിഭാഗത്തിലുംപെട്ട സർക്കാർ ജീവനക്കാർക്കായി സംസ്ഥാനതല ഗ്രന്ഥരചനാ പുരസ്കാരവും, ക്ലാസ്സ്-3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/കംപ്യൂട്ടർ അസിസ്റ്റന്റ്/സ്റ്റെനോഗ്രാഫർ എന്നിവർക്കായി സംസ്ഥാനതല ഭരണഭാഷാ സേവനപുരസ്കാരവും നൽകിവരുന്നുണ്ട്. ഭരണം പൊതുജനങ്ങളുടെ ഭാഷയിലായിരിക്കണമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് സഹായകമാകുന്ന തരത്തിൽ മികച്ച പ്രവർത്തനം നടത്തി വരുന്ന ക്ലാസ്സ് 1,2 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്കും പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പുരസ്കാരം ഓരോ വിഭാഗത്തിനും ഒന്നാം സമ്മാനമായി 20,000/- രൂപയും സത് സേവനരേഖയും ഫലകവും രണ്ടാം സമ്മാനമായി 10,000/- രൂപയും സത് സേവനരേഖയും ഫലകവും ഏർപ്പെടുത്തിയിട്ടുണ്ട്. കേരളസർക്കാരിന്റെ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പരിഗണിച്ച് ജില്ലാതലത്തിൽ നൽകുന്ന ജില്ലാതല ഭരണഭാഷാ പുരസ്കാരം 10,000/- രൂപയും സത് സേവനരേഖയുമാണ്. കൂടാതെ പൂർണ്ണമായ ഭാഷാമാറ്റപുരോഗതി കൈവരിക്കുന്ന ജില്ലയ്ക്കും വകുപ്പിനും ഭരണഭാഷാ പുരസ്കാരം ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് വിദ്യാഭ്യാസം പോലുള്ള വകുപ്പുകളിൽ , ഇപ്പോഴും ഉത്തരവുകൾ പൂർണ്ണമായും മലയാളത്തിൽ ഇറങ്ങുന്നില്ലെന്ന പരാതി പരിശോധിക്കുമോ; | (സി) | നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളും ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെയുള്ള എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം മാത്രം ഉപയോഗിക്കണമെന്നതാണ് നിലവിലുള്ള വ്യവസ്ഥ. എന്നാൽ ചില വകുപ്പുകളും സ്ഥാപനങ്ങളും ഈ വ്യവസ്ഥ പാലിക്കുന്നില്ലെന്ന് 10.04.2017-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച ഉന്നതതലസമിതി യോഗം വിലയിരുത്തുകയും 2017 മെയ്-1 മുതൽ സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയംഭരണ, സഹകരണ സ്ഥാപനങ്ങളിൽ ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കുന്നത് നിർബന്ധമാക്കിക്കൊണ്ടും, ഇവിടങ്ങളിൽനിന്ന് പുറപ്പെടുവിക്കുന്ന എല്ലാവിധ ഉത്തരവുകളും, സർക്കുലറുകളും, മറ്റു കത്തിടപാടുകളും, ഫയൽനടപടികളും, റിപ്പോർട്ടുകളും മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി മലയാളത്തിയിലായിരിക്കണമെന്ന് നിർദ്ദേശം നൽകി മുഖ്യമന്ത്രി ഭരണഭാഷാ പ്രഖ്യാപനം നടത്തുകയും ഇതിൻ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ചട്ടങ്ങളുടെ പകർപ്പുകൾ മലയാളത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | വിവിധ വകുപ്പുകളിലെ കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുന്നതിനായി ഓരോ വകുപ്പിലും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പരിഭാഷാസെൽ രൂപീകരിക്കണമെന്ന നിർദ്ദേശം സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. |
| (ഇ) | പഴയ നിയമങ്ങൾ മലയാളത്തിൽ തർജ്ജമ ചെയ്യുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. നാളിതുവരെ നിയമസഭ ഇംഗ്ലീഷിൽ പാസ്സാക്കിയ നിയമങ്ങളിൽ മലയാളത്തിൽ പരിഭാഷപ്പെടുത്താനുള്ള നിയമങ്ങളുടെ പട്ടികയിൽ നിന്നും The Kerala Civil Courts Act, 1957 (1 of 1957)-ന്റെ പരിഭാഷാ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ